**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **10-06-2021 - ൽ മറുപടിയ്ക്ക്**

**കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടഭൂമി ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വിദേശ കമ്പനികളും അവരിൽ നിന്ന് ഭൂമി നേടിയവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ, M/s ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരി ക്കുന്ന 38171 ഏക്കർ തോട്ട ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവുകൾക്കെതിരെ ടി കമ്പനികൾ ഫയൽ ചെയ്ത WP(C)33122/14 & ORS കേസുകളിലെ 11.4.2018-ലെ ബഹു.ഹൈക്കോടതി വിധിയിൽ KLC Act പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത (titile) ഏകപക്ഷീയമായി തീരുമാനിക്കുന്നതിനുള്ള അധികാരമില്ല എന്ന് നിരീക്ഷിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച തർക്കം ഉണ്ടെങ്കിൽ സർക്കാർ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. മേൽ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു.സുപ്രീം കോടതി തള്ളുകയുണ്ടായി. തുടർന്ന് തർക്ക ഭൂമിയിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന മേഖലയിലെ സിവിൽ കോടതിയിൽ ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം ഉടമസ്ഥത സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ HML കമ്പനിയും അവരിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചി രിക്കുന്ന 19138 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. സമാനമായ മറ്റു ഭൂമിയ്ക്കെതിരെയും കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ 5 വർഷത്തിനിടെ ഇപ്രകാരം എത്രഹെക്ടർ ഭൂമി തിരിച്ചുപിടിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിദേശ കമ്പനികളും അവരിൽ നിന്ന് ഭൂമി നേടിയവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ, M/s ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരി ക്കുന്ന 38171 ഏക്കർ തോട്ട ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവുകൾക്കെതിരെ ടി കമ്പനികൾ ഫയൽ ചെയ്ത WP(C)33122/14 & ORS കേസുകളിലെ 11.4.2018-ലെ ബഹു.ഹൈക്കോടതി വിധിയിൽ KLC Act പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത (titile) ഏകപക്ഷീയമായി തീരുമാനിക്കുന്നതിനുള്ള അധികാരമില്ല എന്ന് നിരീക്ഷിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച തർക്കം ഉണ്ടെങ്കിൽ സർക്കാർ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. മേൽ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു.സുപ്രീം കോടതി തള്ളുകയുണ്ടായി. തുടർന്ന് തർക്ക ഭൂമിയിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന മേഖലയിലെ സിവിൽ കോടതിയിൽ ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം ഉടമസ്ഥത സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ HML കമ്പനിയും അവരിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം |

| | | | |
|---|---|---|---|
| | | | വച്ചിരിക്കുന്ന 19138 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. സമാനമായ മറ്റു ഭൂമിയ്ക്കെതിരെയും കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് വിദേശ കമ്പനികളും അവരിൽ നിന്ന് ഭൂമി നേടിയവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ, M/s ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരി ക്കുന്ന 38171 ഏക്കർ തോട്ട ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവുകൾക്കെതിരെ ടി കമ്പനികൾ ഫയൽ ചെയ്ത WP(C)33122/14 & ORS കേസുകളിലെ 11.4.2018-ലെ ബഹു.ഹൈക്കോടതി വിധിയിൽ KLC Act പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത (titile) ഏകപക്ഷീയമായി തീരുമാനിക്കുന്നതിനുള്ള അധികാരമില്ല എന്ന് നിരീക്ഷിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച തർക്കം ഉണ്ടെങ്കിൽ സർക്കാർ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. മേൽ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു.സുപ്രീം കോടതി തള്ളുകയുണ്ടായി. തുടർന്ന് തർക്ക ഭൂമിയിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന മേഖലയിലെ സിവിൽ കോടതിയിൽ ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം ഉടമസ്ഥത സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ HML കമ്പനിയും അവരിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 19138 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. സമാനമായ മറ്റു ഭൂമിയ്ക്കെതിരെയും |

| | | | |
|---|---|---|---|
| | | | കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ ഇത്തരത്തിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും പിടിച്ചെടുത്തു; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ